# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218 06.01.2014-ൽ മറുപടിയ്ക്ക്

### നിയമപ്രകാരം ഫോൺ ചോർത്തുന്നതിനുള്ള അധികാരം

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. എസ്. ശർമ്മ
ശ്രീ. ബാബു. എം. പാലിശ്ശേരി
ശ്രീ. എ. എം. ആരിഫ്

എ) ഫോൺ ചോർത്തുന്നതിനുള്ള അധികാരം, പ്രാബല്യത്തിലുള്ള ഏതെല്ലാം നിയമ പ്രകാരം ഏതെല്ലാം ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

ബി) രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ട് സുരക്ഷാ ഏജൻസികൾ നിയമവിധേയമായി ചെയ്യുന്നതല്ലാതെ, 1988-ലെ ടെലഗ്രാഫ് നിയമമുൾപ്പെടെ മറ്റേതെല്ലാം നിയമപ്രകാരം മറ്റാർക്കെല്ലാം ഫോൺ ചോർത്താൻ അധികാരമുണ്ട്;

സി) രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ടതല്ലാതെ ഏതെല്ലാം നിലയിലുള്ള കാര്യങ്ങൾക്ക് സംസ്ഥാനത്ത് മൊബൈൽ കമ്പനികളുടെ നോഡൽ ഓഫീസർമാരുമായി ബന്ധപ്പെട്ടും അല്ലാതെയും ഫോൺവിളിയുടെ രേഖകളും ഫോൺ നമ്പരുകളും ശേഖരിക്കപ്പെട്ടിട്ടുണ്ട്;

ഡി) സംസ്ഥാനത്തെ ഇന്റലിജൻസ് വിഭാഗം ഏതെങ്കിലും ഘട്ടത്തിൽ സംസ്ഥാനത്തെ ആരുടെയെങ്കിലും ഫോൺ ചോർത്തിയിട്ടുണ്ടോ ; എങ്കിൽ, ആരുടെയെല്ലാം ; എത്ര തവണ; ഇതിൽ ജനപ്രതിനിധികളും അംഗീകൃത രാഷ്ട്രീയ പാർട്ടി നേതാക്കളും ഉണ്ടെങ്കിൽ ആരൊക്കെ; വിശദമാക്കാമോ?

**മറുപടി**

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) പൊതുസുരക്ഷയും അടിയന്തിരസ്ഥിതിയും മുൻനിർത്തി രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 ഈ നിയമങ്ങളുടെ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് ടെലഫോൺ/ഇ-മെയിൽ വഴിയുള്ള ആശയ വിനിമയങ്ങൾ നിരീക്ഷിക്കുന്നതിന് സംസ്ഥാനത്ത് അനുമതി നല്കുന്നത് ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ്. അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാന പോലീസിലെ ഐ. ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന് ഇതിനായി സേവനദാതാക്കളെ സമീപിക്കാവുന്നതാണ്. ഇക്കാര്യം 3 ദിവസത്തിനുള്ളിൽ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, 7 പ്രവൃത്തി ദിവസങ്ങൾക്കകം സാധൂകരണം നൽകേണ്ടതുമാണ്.

(സി) & (ഡി) രാജ്യതാല്പര്യത്തെയും രാജ്യ സുരക്ഷയെയും ബാധിക്കുന്ന വിഷയങ്ങളിലല്ലാതെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട തെളിവ് ശേഖരണത്തിന്റെ ഭാഗമായും മൊബൈൽ സേവനദാതാക്കളിൽ നിന്നും വിശദാംശങ്ങൾ ശേഖരിക്കാറുണ്ട്.അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ